പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2582 — 07.10.2016 ൽ മറുപടിക്ക്

## ചന്ദ്രഗിരി സ്റ്റേറ്റ് ഹൈവേയിലെ അപകടങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. കുഞ്ഞിരാമൻ | ശ്രീ. എ. കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ചന്ദ്രഗിരി സ്റ്റേറ്റ് ഹൈവേയിൽ കഴിഞ്ഞ ഒരു വർഷത്തിനിടെ എത്ര അപകടങ്ങൾ ഉണ്ടായിട്ടുണ്ടെന്നും, എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്നും വിശദമാക്കാമോ; | (എ) കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ചന്ദ്രഗിരി സ്റ്റേറ്റ് ഹൈവേയിൽ കഴിഞ്ഞ ഒരു വർഷത്തിനിടെ 45 അപകടങ്ങളിലായി 14 പേർ മരണപ്പെട്ടിട്ടുണ്ട്. |
| (ബി) അപകടങ്ങൾ ഒഴിവാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (ബി) അപകടങ്ങൾ ഒഴിവാക്കുന്നതിന് ബാരിക്കേട്ടുകൾ വച്ച് വാഹനങ്ങളുടെ സ്പീഡ് നിയന്ത്രിച്ചും ഇന്റർസെപ്റ്റർ വാഹനത്തെ ഉപയോഗപ്പെടുത്തി വാഹന പരിശോധന കർശനമായി നടപ്പിലാക്കിയും ട്രാഫിക് സൈൻ ബോർഡുകൾ സ്ഥാപിച്ചും ഡ്രൈവർ മാർക്കിടയിൽ ബോധവല്ക്കരണ ക്ലാസുകൾ സംഘടിപ്പിച്ചും ശുഭയാത്ര പദ്ധതി നടപ്പിലാക്കിയും അപകട വിമുക്തമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ അമിത വേഗം തടയുന്നതിനായുള്ള സ്ഥിര സംവിധാനമെന്ന നിലയിൽ കാഞ്ഞങ്ങാട് - ചന്ദ്രഗിരി സ്റ്റേറ്റ് ഹൈവേയിൽ കെൽട്രോണിന്റെ സഹായത്തോടെ 10 ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ